നിലയ്ക്കൽ നാദം

കൺവൻഷൻ സ്പെഷ്യൽ പതിപ്പ് 2025

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന മുഖപത്രം

57-ാമത് നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ

2025 ജനുവരി 9–12

മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്റർ ഇട്ടിയപ്പാറ–റാന്നി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
ദൈവകൃപയാൽ
നിലയ്ക്കൽ മെത്രാസന ഇടവകയുടെ
ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായിൽ നിന്നും

CK No.49/2024

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ നിലയ്ക്കൽ മെത്രാസനത്തിലെ എല്ലാ ഇടവക വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈസ്ഥാനികളും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വച്ചു നടന്നു വരുന്ന നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷന്റെ 57-ാമത് സുവിശേഷ യോഗങ്ങൾ 2025 ജനുവരി 9 വ്യാഴാഴ്ച മുതൽ 12 ഞായറാഴ്ച വരെ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം നിർവ്വഹിക്കുന്നതും പ്രഗത്ഭരായ സുവിശേഷ പ്രസംഗകർ വിവിധ ദിവസങ്ങളിൽ വചനശുശ്രൂഷ നിർവ്വഹിക്കുന്നതുമാണ്. സമാപന ദിവസം മാവേലിക്കര ഭദ്രാസനാധിപൻ അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത വി.കുർബ്ബാന അർപ്പിക്കും.

മുൻപതിവുപോലെ സമാപനദിവസം റാന്നി ഡിസ്ട്രിക്ടിലെ പള്ളികളിൽ വിശുദ്ധ കുർബ്ബാന ഇല്ലാത്തതിനാൽ ബഹു.വൈദികരും മുഴുവൻ ഇടവകാംഗങ്ങളും കൺവൻഷൻ നഗറിൽ വച്ച് നടക്കുന്ന വി.കുർബ്ബാനയിൽ വന്ന് സംബന്ധിക്കേണ്ടതാണ്.

പ്രിയമുള്ളവരെ,

കൺവൻഷൻ യോഗങ്ങളിൽ ഭദ്രാസനത്തിലെ എല്ലാ ഇടവകാംഗങ്ങളുടെയും വൈദികരുടെയും സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ ദിവസവും എല്ലാവരും വന്നു സംബന്ധിക്കേണ്ടതാണെങ്കിലും പ്രത്യേകമായി പ്രാരംഭ ദിവസവും സമാപന ദിവസവും റാന്നി ഡിസ്ട്രിക്ടിലെയും രണ്ടാം ദിവസം നിലയ്ക്കൽ, കനകപ്പലം എന്നീ ഡിസ്ട്രിക്ടുകളിലെയും, മൂന്നാം ദിവസം അയിരൂർ, വയലത്തല എന്നീ ഡിസ്ട്രിക്ടുകളിലെയും വൈദികരും ഇടവകാംഗങ്ങളും നിർബന്ധമായും വന്ന് പങ്കെടുക്കേണ്ടതാണ്. ഓരോ ഡിസ്ട്രിക്ടിൽ നിന്നും ഉള്ളവർ ഒരുമിച്ച് വാഹനങ്ങൾ ക്രമീകരിച്ചു വരുന്നതും നല്ലതാണ്.

മർത്തമറിയം സമാജം സമ്മേളനത്തിൽ വനിതകളും സണ്ടേസ്കൂൾ ബാലസംഗമത്തിൽ കുട്ടികളും കഴിവുള്ളത്ര യൂണിഫോം ധരിച്ച് പങ്കെടുക്കാവുന്നതാണ്.

ശേഷം കാര്യങ്ങൾ പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

2024 ഡിസംബർ 30 ന്
റാന്നി സെന്റ് തോമസ് അരമനയിൽ നിന്നും

ഡോ. ജോഷ്വാ മാർ നിക്കോദീമോസ്
മെത്രാപ്പോലീത്ത

57-ാ മത് നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷനിൽ വചനശുശ്രൂഷ / പ്രബോധന ശുശ്രൂഷ നയിക്കുന്നവർ

റവ.ഫാ. ഫിലിപ്പ് തരകൻ

റവ.ഫാ. വിജു ഏലിയാസ്

റവ.ഫാ. തോമസ് രാജു

റവ.ഫാ. ജെറിൻ ജോൺ

ക്ഷണക്കത്ത്

ബഹുമാന്യരേ,

നിലയ്ക്കൽ ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളുടെയും സഹകരണത്തോടെ നടത്തിവരുന്ന **ഭദ്രാസന കൺവൻഷൻ 2025 ജനുവരി 9 വ്യാഴം മുതൽ 12 ഞായർ വരെ ഇട്ടിയപ്പാറ മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിലെ മാർത്തോമ്മൻ നഗറിൽ** വച്ച് നടത്തപ്പെടുന്നു. കൺവൻഷന്റെ മുഖ്യ ചിന്താവിഷയം "പ്രാർത്ഥനയിൽ ഉറ്റിരിഷിൻ; സ്തോത്രത്തോടെ അതിൽ ജാഗരിഷിൻ" (കൊലോസ്സ്യർ 4:2) എന്നതാകുന്നു.

57-ാമത് നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ നിലയ്ക്കൽ ഭദ്രാസനാധിപൻ **അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ** അദ്ധ്യക്ഷതയിൽ സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ **അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്ത** ഉദ്ഘാടനം ചെയ്യും.

കൺവൻഷനോടനുബന്ധിച്ച് ഭദ്രാസന മർത്തമറിയം സമാജം, സണ്ടേസ്കൂൾ ബാലസംഗമം, ദിവ്യബോധനം, യുവജനപ്രസ്ഥാനം, ബസ്ക്യോമ്മോ അസ്സോസ്സിയേഷൻ തുടങ്ങിയ സമ്മേളനങ്ങൾ നടത്തപ്പെടും.

സമാപന ദിവസം മാവേലിക്കര ഭദ്രാസനാധിപൻ **അഭിവന്ദ്യ എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത** വി.കുർബ്ബാന അർപ്പിക്കുന്നതും **അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത** സമാപന സന്ദേശം നൽകുന്നതുമാണ്.

സുവിശേഷ യോഗങ്ങളിൽ നിലയ്ക്കൽ ഭദ്രാസന ഗായകസംഘം ഗാനശുശ്രൂഷ നടത്തുന്നതാണ്. ഭദ്രാസന കൺവൻഷന്റെ എല്ലാ ശുശ്രൂഷകളിലേക്കും എല്ലാ വൈദികരുടെയും വിശ്വാസികളുടെയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യ സഹകരണം സാദരം ക്ഷണിച്ചുകൊള്ളുന്നു. .

ഭദ്രാസനത്തിനുവേണ്ടി,

ഫാ. സോബിൻ സാമുവേൽ
(ജനറൽ കൺവീനർ & ഭദ്രാസന സെക്രട്ടറി)

ഭദ്രാസന കൗൺസിൽ അംഗങ്ങൾ

ഫാ. സൈമൺ ജേക്കബ് മാത്യു
ശ്രീ. എബ്രഹാം തോമസ്
ശ്രീ. മനോജ് പി. ജോൺ
ശ്രീ. ഈപ്പൻ റ്റി. തോമസ്
ശ്രീ. ഏബ്രഹാം കോശി

അഡ്വ. ബിജു ഉമ്മൻ
(അസ്സോസിയേഷൻ സെക്രട്ടറി)

ശ്രീമതി മെർലിൻ റ്റി. മാത്യു

ശ്രീമതി റേച്ചൽ പി. ജോസ്

ഡോ. മറിയ ഉമ്മൻ

വി. കുർബ്ബാന, ഗാനശുശ്രൂഷ, സുവിശേഷ യോഗങ്ങൾ, മർത്തമറിയം സമാജം സമ്മേളനം, സണ്ടേസ്കൂൾ ബാലസംഗമം, സണ്ടേസ്കൂൾ പൂർവ്വ വിദ്യാർത്ഥി സംഗമം, ദിവ്യബോധനം സമ്മേളനം, ബസ്ക്യോമ്മോ അസ്സോസ്സിയേഷൻ സമ്മേളനം, കൺവൻഷൻ സമാപന സമ്മേളനം, യുവജനപ്രസ്ഥാനം വാർഷികം

എഡിറ്റോറിയൽ

മാറ്റമില്ലാത്ത ദൈവവചനത്തെ രുചിച്ചറിയാം

ജീവിതത്തിൽ നിന്ന് ഒരു വർഷം കൂടി കഴിഞ്ഞു പോയിരിക്കുന്നു. ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ഒത്തിരി പ്രതീക്ഷകളോടെയാണ് നാം പുതിയ വർഷത്തെ വരവേൽക്കുന്നത്. ആ നല്ല പ്രതീക്ഷകളും സ്വപ്നങ്ങളും സഫലമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

1967 ൽ റാന്നിയിൽ ആരംഭിച്ച കൺവൻഷൻ 57 വർഷങ്ങൾ പിന്നിടുകയാണ്. ആദ്യകാലത്ത് റാന്നിയിലെ എല്ലാ ക്രൈസ്തവ സഭകളും ഒരുമിച്ച് കൂടി ആരംഭിച്ച ഈ കൺവൻഷൻ പിന്നീട് സൗകര്യാർത്ഥം ഓരോ സഭകളുടെയും കൺവൻഷനുകളായി വളർന്നു. ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം റാന്നിയുടെ ഹൃദയഭാഗത്ത് സ്വന്തമായി സ്ഥലവും ചാപ്പലും കൺവൻഷൻ കൂടാനുള്ള സൗകര്യവും ഒക്കെയായി ഏറെ പുരോഗമിച്ചിരിക്കുന്നു. ഇതിന്റെ പ്രാരംഭ കാലങ്ങളിൽ ഒന്നുമില്ലായ്മയുടെ മദ്ധ്യത്തിൽ ഈ കൺവൻഷന് നേതൃത്വം നൽകിയവരും സ്ഥലം നൽകിയവരും അദ്ധ്വാനിച്ചവരുമായ എല്ലാ പ്രിയപ്പെട്ടവരെയും വിശേഷാൽ നമ്മിൽ നിന്ന് വാങ്ങിപ്പോയവരെയും ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കുന്നു. അവരുടെ അദ്ധ്വാനത്തിന്റെ അനന്തരഫലമാണ് ഇന്നത്തെ നമ്മുടെ നേട്ടങ്ങളെല്ലാം. അതിൽ എടുത്ത് പറയേണ്ടതാണ് റാന്നി കേന്ദ്രമാക്കി 15 വർഷങ്ങൾക്ക് മുമ്പ് നിലവിൽ വന്ന നമ്മുടെ നിലയ്ക്കൽ ഭദ്രാസനവും. എന്നാൽ അതുകൊണ്ട് എല്ലാമാകുന്നില്ല. നമുക്കിനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടിയിരുന്നു.

"കൊയ്ത്തുണ്ട് വേലക്കാരോ ചുരുക്കം" എന്ന കർതൃവചനം അന്വർത്ഥമാകുംവണ്ണമാണ് ഇന്നത്തെ നമ്മുടെ പ്രവർത്തന മണ്ഡലങ്ങളും. ദേവാലയങ്ങളിലും ആരാധനകളിലും കൺവൻഷനുകളിലും പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞ് വരുന്നു. സാഹചര്യങ്ങളെല്ലാം നമുക്ക് അനുകൂലമാണ്. അതിനെ പ്രയോജനപ്പെടുത്തുന്നവരുടെ എണ്ണം ചുരുങ്ങിയിരിക്കുന്നു. അനുദിനം വളർന്ന് വരുന്ന വികസന സങ്കൽപ്പങ്ങളും, സാങ്കേതിക വിദ്യകളും, സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനവും, വിദേശത്തേയ്ക്കുള്ള നിരന്തരമായ കുടിയേറ്റങ്ങളും, അടച്ച് പൂട്ടപ്പെടുന്ന വീടുകളും, കുറഞ്ഞ് വരുന്ന ജനനനിരക്കുകളും, സമ്പൽ സമൃദ്ധിയുടെ മദ്ധ്യത്തിൽ ദൈവത്തിൽ നിന്നുള്ള അകൽച്ചയുമൊക്കെ അതിന് കാരണങ്ങളായി പറയാം.

എന്നാൽ ചടങ്ങുകളിലും പെരുന്നാളുകളിലും എല്ലാം ആഘോഷങ്ങൾ ഏറുകയാണോ എന്നും പ്രാർത്ഥനകളും പ്രാർത്ഥിക്കുന്നവരും കുറയുകയാണോ എന്നും സംശയിക്കുന്ന തലത്തിലേക്ക് വരെ കാര്യങ്ങൾ എത്തുമ്പോൾ ആധുനിക കാലത്ത് നമുക്ക് എന്തോ കൈമോശം വന്നു പോയി എന്ന് മനസ്സിലാക്കാം. അത് നമ്മുടെ പൂർവ്വികർ ഇല്ലായ്മയുടെ മദ്ധ്യത്തിൽ പകർന്നുതന്ന സുവിശേഷത്തിന്റെ സവിശേഷ അനുഭവങ്ങളായ ദൈവീക ജീവിത അനുഭവങ്ങളല്ലെ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. സമൃദ്ധിയുടെ മദ്ധ്യത്തിൽ ദൈവത്തെ മറന്നതാണല്ലൊ പഴയ യിസ്രായേലിന് വന്ന് ഭവിച്ച ശോഷണവും. അത് തന്നെയല്ലെ ആധുനിക സമൂഹവും സഭയും നേരിടുന്ന പ്രതിസന്ധിയും. പരിപാലകനും സൃഷ്ടാവും ആയ ദൈവത്തെ മറക്കാതെ നമുക്ക് മുന്നേറുവാൻ ഇടയാകണം.

ദൈവം ഉണ്ടോ എന്ന ചോദ്യം ചുറ്റും ഉയരുന്ന ഒരു ലോകത്ത് ക്രൈസ്തവ സാക്ഷ്യം ഉള്ളവരായി ജീവിച്ച് ക്രിസ്തുവിനെ ലോകത്തിന് കാണിച്ചു കൊടുക്കുക എന്നതാണ് നമ്മുടെ ദൗത്യം. ക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ നമ്മുടെ പ്രവൃത്തിയിലൂടെ പകരുമ്പോൾ ഉത്ഥിതനായി ഇന്നും ജീവിക്കുന്ന ക്രിസ്തു മറ്റുള്ളവർക്ക് നമ്മിലൂടെ സമീപസ്ഥനാവും. കുടുംബങ്ങളിലും സഭയിലും സമൂഹത്തിലും ഇടവകകളിലും കലഹങ്ങളും അന്തച്ചിദ്രങ്ങളും വർദ്ധിക്കുകയും കുടുംബ ബന്ധങ്ങളിൽ തകർച്ച നേരിടുകയും രാജ്യങ്ങളിൽ വേർതിരിവുകളും അസഹിഷ്ണതയും രൂഢമൂലമാവുകയും യുദ്ധങ്ങളും യുദ്ധശ്രുതികളും വംശഹത്യകളും കൂട്ടക്കുരുതികളും നടമാടുകയും ലോകമാസകലം അശാന്തി രൂപപ്പെടുകയും രാസായുധങ്ങൾ, ആണവായുധങ്ങൾ തുടങ്ങിയ പുതുപുത്തൻ ആയുധങ്ങൾ മൂർച്ച കൂട്ടപ്പെടുകയും ലഹരിക്ക് അടിമകളാകുന്ന യുവതലമുറയുടെ എണ്ണം വർദ്ധിക്കുകയും അതിനു മുമ്പിൽ ഭരണ സംവിധാനങ്ങൾ നിഷ്ക്രിയരായി നിൽക്കയും ചെയ്യുന്ന ഈ കാലത്ത് മാറ്റമില്ലാത്ത ദൈവവചനത്തിന് പ്രസക്തി ഏറുകയാണ്. അന്ത്യകാലത്തെ കുറിച്ചുള്ള പ്രവചനങ്ങൾ ഓരോന്നായി അതിന്റെ കാലചക്രമനുസരിച്ച് പൂർത്തീകരിക്കപ്പെടുമ്പോൾ ദൈവത്തോട് ചേർന്ന് നിന്ന് സർവ്വശക്തന്റെ നിഴലിന്റെ കീഴിൽ അഭയം പ്രാപിച്ച് പ്രത്യാശയോടെ ജീവിപ്പാൻ ദൈവം കൃപ ചൊരിയട്ടെ എന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

2025 ജനുവരി 9 മുതൽ 12 വരെ നടക്കുന്ന 57-ാമത് നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷനിൽ മുഴങ്ങുന്ന വചനങ്ങൾ നമ്മുടെ ഹൃദയത്തെ ചലിപ്പിക്കട്ടെ, ഉള്ളത്തെ പ്രോജ്വലിപ്പിക്കട്ടെ. ക്രിസ്തു നമ്മുടെ ഉള്ളിൽ വീണ്ടും ജനിക്കട്ടെ. ഒരിക്കൽ കൂടി ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേർന്നു കൊണ്ട് നിർത്തട്ടെ.

ഫാ.സൈമൺ ജേക്കബ് മാത്യു
(ചീഫ് എഡിറ്റർ)

ഭദ്രാസന സെക്രട്ടറിയിൽ നിന്നും...

കർത്തൃശിഷ്യനും ഭാരതത്തിന്റെ അപ്പോസ്തലനും മലങ്കര സഭയുടെ സ്ഥാപകനുമായ വി.മാർത്തോമ്മാ ശ്ലീഹായുടെ പാദങ്ങൾ പതിഞ്ഞ സ്ഥലമാണ് നിലയ്ക്കൽ. അതിനാൽ തന്നെ മലങ്കര നസ്രാണികൾക്ക് എന്നും നിലയ്ക്കൽ എന്ന നാമത്തോടും പ്രദേശത്തോടും പ്രത്യേക ആഭിമുഖ്യമുണ്ട്. വി.മാർത്തോമ്മാ ശ്ലീഹായുടെ പൗരോഹിത്യ പാരമ്പര്യവും, "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന വിശ്വാസപ്രഖ്യാപനവും അടിസ്ഥാന വിശ്വാസമായി സ്വീകരിച്ച മലങ്കര സഭ, ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച ആ വിശുദ്ധൻ നിലയ്ക്കലിന്റെ മണ്ണിൽ സ്ഥാപിച്ച ദൈവാലയത്തിന്റെ സ്മരണയെ നിലനിർത്തുവാൻ തക്കവണ്ണം 2010 ആഗസ്റ്റ് 15-ന് നിലയ്ക്കൽ എന്ന പേരിൽ പുതിയ മെത്രാസനത്തിന് തുടക്കം കുറിച്ചു.

പമ്പയാറിന്റെ ഓളങ്ങളെ തഴുകുന്ന, മലയോരനാടിന്റെ റാണി എന്നറിയപ്പെടുന്ന റാന്നി പട്ടണം, സാംസ്കാരികമായും പൗരാണികമായും ഉന്നതിയിൽ നിൽക്കുന്നതും, ജാതി മത വർഗ്ഗ ഭേദമില്ലാതെ ഏവരെയും സ്നേഹിക്കുന്നവരുമായ റാന്നി പ്രദേശത്തുള്ള വിശ്വാസധീരരായ സഭാമക്കളുടെ വിശ്വാസതീഷ്ണതയുടെ നേർരേഖയാണ് 1967 ൽ ആരംഭിച്ച കൺവൻഷൻ. അനേക സുവിശേഷകർ ഈ മണ്ണിൽ ദൈവവചനത്തിന്റെ വിത്തു പാകി. തന്മൂലം സഭയും ദേശവും അനുഗ്രഹിക്കപ്പെട്ടു. അവരുടെയൊക്കെ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും ആഗ്രഹപൂർത്തീകരണമായിരുന്നു നിലയ്ക്കൽ ഭദ്രാസനത്തിന്റെ രൂപീകരണം.

ഭദ്രാസന രൂപീകരണത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്തവരെയും, നേതൃത്വം നൽകിയ വൈദികരെയും, അൽമായരെയും, ഭദ്രാസനത്തിന്റെ ശൈശവഘട്ടം മുതൽ ഇന്നേയോളം നേതൃത്വം നൽകിയവരെയും, പ്രാർത്ഥനകൾ കൊണ്ടും സാമ്പത്തികം കൊണ്ടും സഹായിച്ചവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

മെത്രാസനം 2025 ആഗസ്റ്റ് 15-ന് 15 വർഷം പൂർത്തീകരിക്കപ്പെടുമ്പോൾ ശൈശവവും കൗമാരവും പിന്നിട്ട് യൗവനകാലഘട്ടത്തിലേക്കു പ്രവേശിക്കുവാൻ ഒരുങ്ങുകയാണല്ലൊ. ഭദ്രാസനത്തിന്റെ വളർച്ച ഏവരുടെയും ഒത്തൊരുമിച്ചുള്ള ക്രിയാത്മകമായ പ്രവർത്തനത്തിലൂടെ മാത്രമേ സാധ്യമാകൂ.

ഭൗതികമായ വളർച്ചയോടൊപ്പം നമ്മുടെ ആത്മീയ നിലവാരം കൂടി മെച്ചപ്പെടുത്താൻ ശ്രമിക്കണം. കുടുംബ ബന്ധങ്ങളിലെ ഭദ്രത ഉറപ്പു വരുത്താനും പ്രാർത്ഥനാ ജീവിത നിലവാരം ഉയർത്തുവാനും ആരാധനയിലെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുവാനും കൂടെയുള്ളവരെ ചേർത്തു നിർത്തുവാനും സാധിക്കണം. കഴിഞ്ഞ കാലങ്ങളിലുണ്ടായ പ്രളയവും ഉരുൾപൊട്ടലുകളും പകർച്ച വ്യാധികളുമൊക്കെ മനുഷ്യന്റെ ബലഹീന അവസ്ഥയെ തെളിയിക്കുന്നതാണെങ്കിലും മനുഷ്യന്റെ കൂട്ടായ്മയെയും, പരസ്പരം ഉള്ള കരുതലിനെയും വെളിവാക്കുന്ന നിമിഷങ്ങൾ കൂടിയായിരുന്നു അതൊക്കെ. പരിശുദ്ധ സഭയുടെയും ഭദ്രാസനത്തിന്റെയും വളർച്ചയ്ക്കായി, നാടിന്റെ നന്മയ്ക്കായി, നമ്മുടെ ജീവിത വിശുദ്ധിക്കായി നമുക്കേവർക്കും ഒരുമിച്ചു പ്രവർത്തിക്കാം.

ഫാ.സോബിൻ സാമുവേൽ

ഭദ്രാസന കൗൺസിൽ അംഗങ്ങൾ

ഫാ. സോബിൻ സാമുവേൽ
(ഭദ്രാസന സെക്രട്ടറി)

ഫാ. സൈമൺ ജേക്കബ് മാത്യു

ശ്രീ. ഈഷൻ റ്റി. തോമസ്

ശ്രീ. ഏബ്രഹാം തോമസ്

ശ്രീ. ഏബ്രഹാം കോശി

ശ്രീ. മനോജ് പി. ജോൺ

ഭദ്രാസനത്തിൽ നിന്നുള്ള സഭാ മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ


ഫാ. ഏബ്രഹാം സാമുവേൽ

അഡ്വ. മാത്യൂസ് മഠത്തേത്ത്

അഡ്വ. അനിൽ വർഗീസ്

ശ്രീ. കെ. എ. ഏബ്രഹാം

എഡിറ്റോറിയൽ ബോർഡ്

ഫാ. സോബിൻ സാമുവേൽ
(ഭദ്രാസന സെക്രട്ടറി)

ഫാ. സൈമൺ ജേക്കബ് മാത്യു
(ചീഫ് എഡിറ്റർ)

ഫാ. സാംസൺ എം. സൈമൺ

ശ്രീ. ജിൻസ് ജേക്കബ് ഫിലിപ്പ്

ശ്രീ. ലിജോ വർഗീസ്

ശ്രീ. വിനീഷ് പി. തോമസ്

നിലയ്ക്കൽ ഭദ്രാസന ആഭ്യന്തര മിഷൻ പ്രവർത്തനത്തിന്റെ ഉദ്ഘാടനം 2024 ഒക്ടോബർ 27-ന് ചെമ്പന്മുഖം സെന്റ് ജോൺസ് പള്ളിയിൽ വച്ച് അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ അഖില മലങ്കര പ്രാർത്ഥനായോഗം പ്രസിഡന്റ് അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

12-ാമത് മാർത്തോമ്മൻ സ്മൃതിയാത്രയും സ്മൃതിസംഗമവും 2024 ഡിസംബർ 18 ന് നടത്തപ്പെട്ടു. ആങ്ങമൂഴി ഊർശ്ലേം മാർത്തോമ്മൻ കാതോലിക്കേറ്റ് സെന്ററിൽ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും നിലയ്ക്കൽ എക്യൂമെനിക്കൽ സെന്ററിലേക്ക് മാർത്തോമ്മൻ സ്മൃതി യാത്ര നടത്തുകയും ചെയ്തു. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ.ഡോ.മാത്യു പി.ജോസഫ് മുഖ്യപ്രഭാഷണം നടത്തി.

മലങ്കര സഭാ ഭരണഘടന

റ്റിബിൻ ചാക്കോ തേവർവേലിൽ *(കുറ്റിയാനി സെന്റ് ജോർജ്ജ് പള്ളി)*

മലങ്കര സഭാ ഭരണഘടന രൂപം കൊണ്ടിട്ട് 2024 ഡിസംബർ 26-ന് 90 വർഷം പൂർത്തിയായിരിക്കുന്നു. 1934 ലെ ഭരണഘടനയെ സംബന്ധിച്ച് ഓരോ മലങ്കര സഭാംഗവും മനസ്സിലാക്കേണ്ട കാലഘട്ടം കൂടിയാണിത്. അതോടൊപ്പം ഭരണഘടന രൂപീകരണത്തിന് നേതൃത്വം കൊടുത്ത ഒരു കൂട്ടം ആളുകളുടെ പരിശ്രമവും ആദരിക്കപ്പെടേണ്ടതാവശ്യമായിരിക്കുന്നു. അതു കൊണ്ടു തന്നെ ഭരണഘടനയെ സംബന്ധിക്കുന്ന വിവിധ പഠനങ്ങളും ലേഖനങ്ങളും വിവിധ സഭാ പ്രസിദ്ധീകരണങ്ങളിലും മറ്റും ധാരാളമായി പ്രസിദ്ധീകരിച്ചു കഴിഞ്ഞു. അതിനപ്പുറമായി കൂടുതലായി രേഖപ്പെടുത്തുക എന്നത് ദുഷ്കരമാണ്.

എന്താണ് 1934 ഭരണഘടന ? 1934 ന് മുമ്പ് മലങ്കര സഭാ ഭരണം എങ്ങനെയായിരുന്നു ?

1934 ൽ മലങ്കരസഭാ ഭരണഘടന നടപ്പിലാക്കി എന്നതിന്, അതിനു മുമ്പ് സഭാ ഭരണം ക്രമീകൃതമായ രീതിയിൽ ആയിരുന്നില്ല എന്ന് അർത്ഥമില്ല. വിവിധങ്ങളായ സ്ഥലങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ സമ്മേളിച്ച് നിശ്ചയം ചെയ്ത ഒരു കൂട്ടം നിയമങ്ങൾ അഥവാ ചട്ടങ്ങൾക്ക് അനുസൃതമായിട്ടായിരുന്നു മലങ്കര സഭാ ഭരണം നടന്നു വന്നിരുന്നത്. എന്നാൽ ഇവയൊന്നും മലങ്കര സഭ മുഴുവനായി ഒരു ഏകീകൃതമായ രീതിയിൽ കൊണ്ടു വരുന്നതിനോ നടപ്പിലാക്കുവാനോ ഉപയുക്തമായിരുന്നില്ല. അതിന്റെ പോരായ്മ തിരിച്ചറിഞ്ഞ് ഒരു കൂട്ടം അത്മായ പ്രമുഖർ ഇതുവരെയുള്ള ചട്ടങ്ങളും പടിയോലകളുമല്ല മറിച്ച് കൃത്യമായി നിർവ്വചിച്ചിട്ടുള്ള ഒരു ഭരണക്രമമമാണ് ആവശ്യം എന്ന് പരസ്യമായി ആവശ്യപ്പെട്ടു തുടങ്ങി. ഈ ആവശ്യം ക്രമേണ ശക്തിപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മലങ്കര സഭയ്ക്ക് ഒരു ഭരണഘടന രൂപമെടുക്കുന്നത്. വിവിധങ്ങളായ ഡ്രാഫ്റ്റുകൾ ഭരണഘടനാ നിർമ്മാണ കമ്മറ്റിയുടെ മുമ്പാകെ ചർച്ചയ്ക്ക് വരികയും അവസാനം വേണ്ട മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു ഭരണഘടന 1934 ഡിസംബർ 26ന് കൂടിയ മലങ്കര അസ്സോസ്സിയേഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും മലങ്കര അസ്സോസ്സിയേഷൻ കൂടി ഭരണഘടന പാസ്സാക്കുകയുമാണുണ്ടായത്. 1934 ൽ പാസ്സാക്കിയതിനാൽ കാലാന്തരത്തിൽ ഈ നിയമസംഹിത 1934 ലെ ഭരണഘടന എന്നറിയപ്പെട്ടു.

എന്താണ് ഭരണഘടനയുടെ ഒറിജിനൽ എന്ന പ്രയോഗം ?

മലങ്കര സഭാ തർക്കവുമായി ബന്ധപ്പെട്ട് 2017 ൽ വന്ന സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് യാക്കോബായ വിഭാഗം ഉന്നയിച്ചു കൊണ്ടിരുന്ന വിഷയമാണ് ഭരണഘടനയുടെ ഒറിജിനൽ എവിടെ എന്നത്. ആ ഭാഗത്ത് നിൽക്കുന്ന ജനങ്ങളുടെ കണ്ണിൽ പൊടിയിടുവാനും കൂടെ നിർത്തുവാനുമായി കണ്ടുപിടിച്ച വ്യാജപ്രചാരണമായി ഇതിനെ മനസ്സിലാക്കാം. മുമ്പ് സൂചിപ്പിച്ചതുപോലെ 1934 ൽ പാസ്സാക്കിയതിനാൽ ഇത് 1934 ലെ ഭരണഘടന എന്ന പേരിൽ അറിയപ്പെട്ടു എന്നു മാത്രമേയുള്ളൂ. അന്ന് നിലവിലിരുന്ന അതേ ഭരണഘടന എന്നതിന് അർത്ഥമില്ല. ഏത് ഭരണഘടനയും ഓരോ കാലഘട്ടത്തിന് അനുസൃതമായി ഭേദഗതി ചെയ്യപ്പെടുന്നവയാണ്. ഇന്ത്യൻ ഭരണഘടന തന്നെ വിവിധ കാലങ്ങളിലായി അനവധി ഭേദഗതികൾക്ക് വിധേയമായതാണ്. അതുപോലെ 1934 ലെ ഭരണഘടനയും വിവിധ കാലങ്ങളിൽ വിവിധ സാഹചര്യങ്ങളിൽ വിവിധ വകുപ്പുകളിൽ നിയമാനുസൃതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. യാക്കോബായ വിഭാഗവുമായി യോജിച്ചു നിന്ന അവസരത്തിലും എഴുപതുകളിൽ ഉണ്ടായ കോടതി വ്യവഹാരത്തെ തുടർന്ന് യാക്കോബായ വിഭാഗത്തിന്റെ ആവശ്യപ്രകാരം സുപ്രീം കോടതി നിർദ്ദേശിച്ചതനുസരിച്ചും മലങ്കര സഭാ ഭരണഘടനയിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇവയൊന്നും അംഗീകരിക്കാതെ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ഒരു പ്രയോഗമാണ് ഭരണഘടനയുടെ ഒറിജിനൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഭരണഘടനയുടെ രജിസ്ട്രേഷൻ, അംഗീകാരം എന്നിവ സംബന്ധിച്ച്.

1958 ലെ സുപ്രീം കോടതി ഭരണഘടനാ ബെഞ്ച്, 1995 ലെയും 2018 ലെയും മൂന്നംഗ ബെഞ്ച്, 2017 ലെ രണ്ടംഗ ബെഞ്ച് എന്നിവ ഉൾപ്പെടെ വിവിധ കോടതികളിൽ 1934 ലെ ഭരണഘടന പരിഗണനയ്ക്ക് വരികയും വിശദമായി പരിശോധിച്ച് തർക്കങ്ങൾ തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. സുപ്രീം കോടതിയുടെ കണ്ടെത്തൽ പ്രകാരം 1934 ലെ ഭരണഘടന ഇടവക പള്ളികളെ പൂർണ്ണമായും നിയന്ത്രിക്കുന്നതാണ്. അത് ഇന്ത്യൻ ഭരണഘടനയുടെ 25, 26 അനുച്ഛേദങ്ങൾക്ക് വിരുദ്ധമല്ല. നിയമാനുസൃതം ഭേദഗതി ചെയ്യാവുന്നതാണ്. ഒരു ഉടമ്പടിക്കും ഭരണഘടനയെ മറികടക്കാനാവില്ല.

ഒരു ഭരണക്രമം മാത്രമായതിനാൽ രജിസ്ട്രേഷൻ ആവശ്യമില്ല എന്നും സുപ്രീം കോടതി വ്യക്തമാക്കി. ഇതിൽ നിന്നു തന്നെ ഇത്തരം ആരോപണങ്ങൾക്ക് കഴമ്പില്ല എന്ന് മനസ്സിലാക്കാവുന്നതാണ്.

മലങ്കര സഭാ അംഗമായിരിക്കുമ്പോൾ മലങ്കര മെത്രാപ്പോലീത്ത മുതൽ ഒരു സാധാരണ അത്മായൻ വരെ 1934 ലെ ഭരണഘടന അനുസരിക്കുവാൻ ബാധ്യസ്ഥരാണ്. ആ ഒരു ചട്ടക്കൂടിൽ നിന്ന് പുറത്ത് പോകുക സാധ്യമല്ല.

ഒരു ഭരണഘടന അനുസരിച്ച് നടക്കുന്നതിനാലാണ് അച്ചടക്കം, അനുസരണം ഇവയെല്ലാം നമ്മുടെ സമൂഹത്തിന്റെ മുഖമുദ്രയാകുന്നത്. ആ ഭരണഘടന എല്ലാവരും അംഗീകരിച്ച് മലങ്കര മെത്രാപ്പോലീത്തായുടെ കീഴിൽ നമുക്ക് ഒന്നായി മുന്നേറാം. പുതുവത്സരത്തിൽ എങ്കിലും സർവ്വശക്തൻ അതിന് സംഗതിയാക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം ●

മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും

ഫാ.സാംസൺ എം.സൈമൺ *(പെരുനാട് ബഥനി സെന്റ് തോമസ്)*

ഉത്ഥിതനായ ക്രിസ്തുവിന്റെ ദർശനവും സ്പർശനവും മൂലം "നിങ്ങൾ ലോകത്തിന്റെ അറ്റങ്ങളോളം പോയി എന്റെ സാക്ഷികൾ ആകുവിൻ" എന്ന നിയോഗം ശിരസ്സാവഹിച്ച് യഹൂദ ഗോത്രക്കാരനും, തൊഴിൽപ്രകാരം തച്ചനും ആയിരുന്ന 'ഇരട്ട' എന്ന 'ദിദിമോസ്' എന്ന 'തോമാ ശ്ലീഹാ' ഭാരതത്തിൽ എത്തി. ക്രിസ്തു ശിഷ്യനായ തോമാ ശ്ലീഹായെക്കുറിച്ച് ഇന്ന് നമുക്ക് ലഭിക്കുന്ന സുവ്യക്തമായ അറിവിന് ആദ്യത്തെ ആധാരം വി.വേദപുസ്തക പരാമർശങ്ങൾ തന്നെയാണ്. (മത്താ. 10:3, യോഹ. 11:16, 14:5, 20:24-29, 21:9) മൂന്നാം നൂറ്റാണ്ടിൽ തന്നെ എഴുതപ്പെട്ട "ആക്ടാ തോമാ" എന്ന പ്രാമാണിക ഗ്രന്ഥവും തോമാ ശ്ലീഹായുടെ സുവിശേഷീകരണ യാത്രകളും പ്രവർത്തനങ്ങളും സംബന്ധിച്ച് വിവരങ്ങൾ നൽകുന്നുണ്ട്. എ.ഡി. 52ൽ ഭാരതത്തിന്റെ തെക്കെ തീരത്ത് എത്തുകയും നിരണം, ഗോക്കമംഗലം, കൊടുങ്ങല്ലൂർ, പറവൂർ, നിലയ്ക്കൽ (ചായൽ), കൊല്ലം, പാലയൂർ എന്നിവിടങ്ങളിൽ 7 ദൈവാലയങ്ങളും തുടർന്ന് ഭാരതത്തിന്റെ തെക്കേ അറ്റത്ത് ചോളമണ്ഡലത്തിലെ പ്രവർത്തനഫലമായി അഴകിയ മണ്ഡപത്തിനടുത്ത് തിരുവിതാംകോട് (അരചപ്പള്ളി-പിന്നീട് ലോപിച്ച് അരപള്ളിയായി) ദൈവാലയവും സ്ഥാപിച്ചു. ഇന്ന് ലോകത്തിലെ ഏറ്റവും പഴക്കമുള്ള നിലനിൽക്കുന്ന ക്രിസ്ത്യൻ ദൈവാലയമാണ് തിരുവിതാംകോട് പള്ളി. പൗരസ്ത്യ ദേശങ്ങളായ പാർസ്യ, മേദ്യ, മെസപ്പൊട്ടാമിയ, ഇന്ത്യ തുടങ്ങിയ ഇടങ്ങളിലെല്ലാം ശക്തമായ മാർത്തോമ്മാ ക്രിസ്ത്യാനി ചരിത്രം തെളിവുകളോടെ ഇന്ന് കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. വാമൊഴിയായി കൈമാറി വന്ന തോമാ ശ്ലീഹായുടെ പാരമ്പര്യവുമായി ബന്ധപ്പെട്ട് ഉണ്ടായ കലാരൂപങ്ങളായ മാർഗ്ഗംകളി, പരിചമുട്ട്, റമ്പാൻപാട്ട്, പള്ളിപ്പാട്ടുകൾ, ചുവർ ചിത്രങ്ങൾ എല്ലാം തന്നെ മാർത്തോമ്മായുടെ പ്രേഷിത വൃത്തിയുടെ ആധികാരികത വർദ്ധിപ്പിക്കുന്ന ചരിത്ര തെളിവുകൾ ആണ്.

മാർത്തോമ്മാ ദർശനം ക്രീസ്തീയ ജീവിതത്തിൽ

'മാർത്തോമ്മായുടെ മാർഗ്ഗം' എന്ന് ആദ്യ കാലങ്ങളിൽ അറിയപ്പെട്ടിരുന്ന പ്രേഷിത ചരിത്രം പരിശോധിക്കുമ്പോൾ അദ്ദേഹത്തെപ്പറ്റി 2 പ്രതിപാദനങ്ങൾ സാദ്ധ്യമാണ്. (1) അപരിചിതമായ നാടുകളിൽ സഞ്ചരിച്ച് സുവിശേഷം അറിയിച്ച് രക്തസാക്ഷിത്വം വരിച്ചവൻ (2) ദൈവാത്മ ജ്ഞാനനിറവിൽ പ്രബോധനങ്ങളിലൂടെ സമൂഹശുദ്ധീകരണം സാധിച്ചവൻ. ഇതു രണ്ടും സാധ്യമായത് ക്രിസ്തു യേശുവുമായുള്ള നേർ-അനുഭവത്തിൽ നിന്ന് പ്രാപിച്ച സ്വഭാവ വിശിഷ്ടത കൊണ്ടാണ്.

1. ധൈര്യശാലിയായ അപ്പോസ്തോലൻ

ബഥാന്യയിലേക്ക് പോകുന്നത് തടയാൻ ശ്രമിച്ച ശിഷ്യ സമൂഹത്തെ "അവനോട് കൂടെ മരിക്കേണ്ടതിന് നാമും പോക" എന്ന് പറഞ്ഞ് ധൈര്യപ്പെടുത്തുന്ന വ്യക്തിയായി (യോഹ. 11:16) വേദപുസ്തകം വെളിപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ക്രൂശാരോഹണത്തിന് ശേഷം യഹൂദരെ ഭയന്ന് മുറിക്കുള്ളിൽ കതകടച്ച് ഭയന്നിരുന്നവരുടെ കൂട്ടത്തിൽ (യോഹ 20:19) തോമാശ്ലീഹാ ഇല്ല. ഈ ധൈര്യം തന്നെയാണ് അപ്പോസ്തോലൻമാരിൽ ഇത്രയധികം ഏകാന്തമായ യാത്രകൾക്ക് തോമാ ശ്ലീഹായെ പ്രേരിപ്പിച്ച ഘടകം.

2. തിരുമുറിവിലെ സ്പർശനത്താൽ ശക്തനായവൻ

യേശുക്രിസ്തു തന്നെ തോമാ ശ്ലീഹായെ സ്വശരീരത്തിലെ മുറിവുകളിൽ സ്പർശിക്കുവാൻ അനുവദിക്കുന്നു (യോഹ : 20:27). ക്രിസ്തുവിനെ തൊട്ട് അനുഭവിക്കുന്നതിലൂടെ അദ്ദേഹം ശക്തീകരിക്കപ്പെടുന്നു. വിശ്വാസിയെ സംബന്ധിച്ച് ഓരോ കുർബ്ബാന - കൂദാശ അനുഭവങ്ങളും ക്രിസ്തുയേശുവിനെ അനുഭവിച്ചറിയുന്ന ഇടമായി മാറണം.

3. വിശ്വാസം ഏറ്റുപറഞ്ഞ് ഉറപ്പിച്ചവൻ

ഉത്ഥിതനായ ക്രിസ്തുവിനെ സ്പർശിച്ച് "എന്റെ കർത്താവും എന്റെ ദൈവവുമെ" എന്ന് ക്രൈസ്തവ ചരിത്രത്തിൽ ആദ്യം വിശ്വാസം ഏറ്റുപറഞ്ഞത് തോമാ ശ്ലീഹായാണ്. ഈ പ്രഖ്യാപനം അദ്ദേഹത്തിന്റെ രഹസ്യ പരസ്യ ജീവിതങ്ങളിൽ അവസാന ശ്വാസം വരെയും ശക്തമായിരുന്നു എന്നാണ് ചരിത്രം തെളിയിക്കുന്നത്. തോമാ ശ്ലീഹായുടെ പാരമ്പര്യം പേറുന്ന മക്കളെന്ന നിലയ്ക്ക് ക്രൈസ്തവ സമൂഹത്തിന്റെ ഉത്തരവാദിത്വവും ഈ സാക്ഷ്യം നിറവേറ്റലാണ്.

അവനവനെ പ്രദർശിപ്പിക്കുന്ന അമിത ത്വരയുടെ സെൽഫി സംസ്കാരത്തിൽ വ്യക്തിയേക്കാളേറെ ദിദിമോസ് എന്ന തോമാ ശ്ലീഹാ കൈമാറിയ ക്രിസ്തു സാക്ഷ്യം കാല-ദേശ-ഭേദങ്ങളെ അതിജീവിച്ച് നിലനിൽക്കുന്നു. ക്രിസ്തുഭാവമായ എളിമയും, താഴ്മയും, സ്നേഹദർശനങ്ങളും ഭാരതത്തിന്റെ മണ്ണിന് പ്രേഷിത ദൗത്യ സംസ്കാരമായി പകർന്നു തന്ന നമ്മുടെ അപ്പോസ്തലൻ മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥത കാവലാകട്ടെ ●

57-ാ മത് നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ പന്തലിന്റെ കാൽനാട്ട് കർമ്മം ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് തിരുമേനി 2025 ജനുവരി 1 ന് നിർവ്വഹിച്ചു.



57-ാമത് നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ

കാര്യപരിപാടികൾ

2025 ജനുവരി 09 വ്യാഴം

06.00 പി.എം : സന്ധ്യാനമസ്കാരം

06.30 പി.എം : ഗാനശുശ്രൂഷ : ഭദ്രാസന ഗായകസംഘം

06.45 പി.എം : **ഉദ്ഘാടന സമ്മേളനം**

അദ്ധ്യക്ഷൻ : **അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത**

ഉദ്ഘാടനവും വചനശുശ്രൂഷയും : **അഭി.ഡോ.ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്ത** *(സുൽത്താൻ ബത്തേരി ഭദ്രാസനം)*

08.15 പി.എം : ആശീർവ്വാദം

2025 ജനുവരി 10 വെള്ളി

9.30 എ.എം : രജിസ്ട്രേഷൻ & ഗാനശുശ്രൂഷ

10.00 എ.എം : **നിലയ്ക്കൽ ഭദ്രാസന മർത്തമറിയം സമാജം സമ്മേളനം**

അദ്ധ്യക്ഷൻ : **റവ.ഫാ.ലിജിൻ തോമസ്** *(മർത്തമറിയം സമാജം ഭദ്രാസന വൈസ്പ്രസിഡന്റ്)*

ഉദ്ഘാടനം : **അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത**

ക്ലാസ്സ് : **റവ.ഫാ.ഫിലിപ്പ് തരകൻ** *(മർത്തമറിയം സമാജം കേന്ദ്ര വൈസ്പ്രസിഡന്റ്)*

02.00 പി.എം : **ദിവ്യബോധനം സമ്മേളനം**

അദ്ധ്യക്ഷൻ : **റവ.ഫാ.ജോജി മാത്യു** *(ഭദ്രാസന ദിവ്യബോധനം വൈസ്പ്രസിഡന്റ്)*

ഉദ്ഘാടനം : **അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത**

06.00 പി.എം : സന്ധ്യാനമസ്കാരം

06.30 പി.എം : ഗാനശുശ്രൂഷ : ഭദ്രാസന ഗായകസംഘം

07.00 പി.എം : **വചനശുശ്രൂഷ**
റവ.ഫാ.തോമസ് രാജു കരുവാറ്റ *(മാവേലിക്കര ഭദ്രാസനം)*

08.15 പി.എം : ആശീർവ്വാദം

2025 ജനുവരി 11 ശനി

09.30 എ.എം : രജിസ്ട്രേഷൻ & ഗാനശുശ്രൂഷ

10.00 എ.എം : **സണ്ടേസ്കൂൾ ബാലസംഗമം**

ക്ലാസ്സ് : **സണ്ടേസ്കൂൾ വിദ്യാഭ്യാസവും വ്യക്തിത്വ വികസനവും**
റവ.ഫാ.ജെറിൻ ജോൺ, അടൂർ
(വൈസ് പ്രിൻസിപ്പൽ, തപോവൻ പബ്ലിക് സ്കൂൾ & ജൂനിയർ കോളേജ് അടൂർ)

11.15 എ.എം : **പൊതുസമ്മേളനം**

അദ്ധ്യക്ഷൻ : **അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത**

ഉദ്ഘാടനം : **അഡ്വ.ബിജു ഉമ്മൻ** *(അസ്സോസ്സിയേഷൻ സെക്രട്ടറി)*

01.30 പി.എം : **സണ്ടേസ്കൂൾ പൂർവ്വ വിദ്യാർത്ഥി സംഗമം**

അദ്ധ്യക്ഷൻ : **റവ.ഫാ.വിൽസൺ മാത്യൂസ് തെക്കിനേത്ത്** *(ഭദ്രാസന സണ്ടേസ്കൂൾ വൈസ്പ്രസിഡന്റ്)*

ഉദ്ഘാടനം : **അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത**

സന്ദേശം : **ഡോ.മറിയ ഉമ്മൻ** *(സാമൂഹിക പ്രവർത്തക)*

03.30 പി.എം : **ബസ്ക്യോമ്മോ അസ്സോസ്സിയേഷൻ സമ്മേളനം**

അദ്ധ്യക്ഷൻ : **റവ.ഫാ.എബി വർഗീസ്** *(ഭദ്രാസന ബസ്ക്യോമ്മോ അസ്സോസ്സിയേഷൻ വൈസ്പ്രസിഡന്റ്)*

ഉദ്ഘാടനം : **അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത**

മുഖ്യസന്ദേശം : **ശ്രീമതി റേച്ചൽ പി.ജോസ്** *(അഖില മലങ്കര ബസ്ക്യോമ്മോ അസ്സോസ്സിയേഷൻ ജനറൽ സെക്രട്ടറി)*

06.00 പി.എം : സന്ധ്യാനമസ്കാരം

06.30 പി.എം : ഗാനശുശ്രൂഷ : ഭദ്രാസന ഗായകസംഘം

07.00 പി.എം : **വചനശുശ്രൂഷ**
ശ്രീമതി മെർലിൻ റ്റി.മാത്യു (ചെങ്ങന്നൂർ)

08.15 പി.എം : ആശീർവ്വാദം

2025 ജനുവരി 12 ഞായർ

07.00 എ.എം : പ്രഭാത നമസ്കാരം

08.00 എ.എം : **വി.കുർബ്ബാന**
അഭി.എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത *(മാവേലിക്കര ഭദ്രാസനം)*

09.30 എ.എം : **സമാപന സന്ദേശം**
അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത

10.00 എ.എം : കൃതജ്ഞത
ഫാ.സോബിൻ സാമുവേൽ *(ഭദ്രാസന സെക്രട്ടറി)*

10.15 എ.എം : കൈമുത്ത്, പ്രഭാത ഭക്ഷണം

11.00 എ.എം : **യുവജനപ്രസ്ഥാന വാർഷിക സമ്മേളനവും ജനറൽ അസംബ്ലിയും**

അദ്ധ്യക്ഷൻ : **റവ.ഫാ.സാംസൺ എം.സൈമൺ** *(യുവജനപ്രസ്ഥാനം ഭദ്രാസന വൈസ്പ്രസിഡന്റ്)*

ഉദ്ഘാടനം : **അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത**

മുഖ്യസന്ദേശം : **റവ.ഫാ.വിജു ഏലിയാസ്** *(യുവജന പ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി)*

Begorra RMC (Ready Mix Concrete)
Redefining the pace and quality onsite construction

Begorra RMC © BUILD YOUR DREAM HOMES
READY MIX CONCRETE

*Building Relationships

WE OFFER
THE BEST SERVICES

We are a supplier of ready mix concrete services. We have a wide range of concrete thats is suitable for your variety of projects.

Features
- High Speed Construction
- Small, Large & Volumetric Trucks
- All Strengths & Mixes
- Competitive Rates
- Quick & Reliable Services
- For Assured Strong Concrete

With our expertise, our products & services, we save our customer's money in numerous ways.We encourage you to look at the comparison of price with site mix concrete & savings.

we save your time & money

For More Details Contact:

BEGORRA READY MIX
THEODICAL ,NEAR THEODICAL POST OFFICE
THIRUVALLA PO, PATHANAMTHITTA DIST
PIN CODE :689613

+91 8111882088
+91 8111882087

In Association with :
Begorra Infrastructure & Developers Pvt Ltd

Abilash Chacko Puthettu
9744418813
PUTHETTU
SERA Travel Hub
RANNI
We will be responsible for arranging long trips and local trips from any part of Kerala
5/7/8 seat A/C Cars I 12/14/17/19/26 seat A/C Traveller I 35/49 seat A/C Bus

Luxury Car for Wedding
chackoabilash@gmail.com

INNOVATIONS
BUILDERS

AJESH P. THOMAS
Thekkepuram, Ranni
Pathanamthitta-689672
innovationsbuilders@gmail.com
+91 9562516959,+91 7736669517

- Building Constructions
- Vasthu
- Building Plan
- Estimate
- 3d Elevation
- Approval Drawing
- Glass Work

8089338104
JJ
J.J ENTERPRISES
BUILDING MATERIALS & HARDWARE ITEMS
Paruthiyil Complex, Menamthottam Hospital Jn., ANGADI - RANNY

LEEWAY
DENTAL CARE
ONE STOP DESTINATION FOR ALL DENTAL TREATMENTS
Menamthottam Hospital Jn., RANNI Pin : 689 674
999 515 8104
leewaydentalcare@gmail.com

Thadathil
Roadlines
GIBU
8547431834
9947941230
AYROOR
thadathil_roadlines_kl62
കല്ല്, മണ്ണ്, പാറപൊടി, മിറ്റിൽ, സിമെന്റ്, എം-സാന്റ്, പി-സാന്റ്, കട്ട
ആവശ്യാനുസരണം സൈറ്റിൽ എത്തിച്ചു കൊടുക്കപ്പെടും
കുടിവെള്ളം എത്തിച്ചു കൊടുക്കപ്പെടും
TIPPER, PICKUP, JCB, HITACHI FOR RENT

Printed at J J Graphic, Plankamon & Published by Malankara Orthodox Syrian Church, Diocese of Nilackal. For private circulation only